6908/21/HRD

1059

Break the chain

5/18-9-21
18 SEP 2021
THIRUVANANTHAPURAM

# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് - ' കോവിഡ് 19 ' മായി ബന്ധപ്പെട്ട നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും 04-10-2021 മുതൽ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ. (സാധാ)നം.1228/2021/ഉ.വി.വ　　　　തീയതി, തിരുവനന്തപുരം, 17-09-2021

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## ഉത്തരവ്

കോവിഡ് - 19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾ കൃത്യമായി പാലിച്ച് കൊണ്ട് 04-10-2021 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

1. കോളേജുകളും ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും ഒക്ടോബർ 4 മുതൽ തുറന്നു പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ അവസാന വർഷ ബിരുദ ക്ലാസ്സുകൾ (5/6 സെമസ്റ്റർ), ബിരുദാനന്തര ബിരുദ ക്ലാസുകൾ (3/4 സെമസ്റ്റർ) തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.

2. ബിരുദാനന്തര ബിരുദ ക്ലാസുകൾ മുഴുവൻ വിദ്യാർത്ഥികളെയും ഉൾകൊള്ളിച്ചു കൊണ്ട് നടത്താവുന്നതും ബിരുദ ക്ലാസുകൾ ആവശ്യമെങ്കിൽ 50 ശതമാനം വിദ്യാർത്ഥികളെ ഒരു ബാച്ച് ആയി പരിഗണിച്ച് ഇടവിട്ടുള്ള ദിവസങ്ങളിലോ ആവശ്യത്തിന് സ്ഥലം ലഭ്യമായ ഇടങ്ങളിൽ പ്രത്യേക ബാച്ചുകളായി ദിവസേനയോ നടത്താവുന്നതാണ്.

3. സയൻസ് വിഷയങ്ങളിൽ പ്രാക്ടിക്കൽ ക്ലാസ്സുകൾക്ക് പ്രാധാന്യം നൽകാവുന്നതാണ്.

4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ക്ലാസ് റൂമുകളും ലൈബ്രറി, ലബോറട്ടറി തുടങ്ങിയവയും സമ്പൂർണമായി അണുവിമുക്തമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സഹായം തേടേണ്ടതാണ്.

5. വിദ്യാർഥികൾ ക്യാമ്പസ്സിനുള്ളിൽ കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നു എന്ന് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്. ആവശ്യാനുസരണം ഹാൻഡ്‌വാഷ്, സാനിറ്റയ്സർ, മുഖാവരണങ്ങൾ, തെർമൽ സ്കാനർ തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്. വിദ്യാർഥികൾ കൂട്ടംകൂടുന്നതും, സാമൂഹിക അകലം ലംഘിക്കുന്നതും അനുവദിക്കാൻ പാടില്ലാത്തതാണ്.

6. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും സൗജന്യ വാക്സിൻ സ്ഥാപനതലത്തിൽ നൽകുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി പ്രത്യേക ക്യാമ്പുകൾ സജ്ജീകരിക്കുന്നതിന് ആരോഗ്യവിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്. ഇപ്രകാരം സജ്ജീകരണങ്ങൾ ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെയോ തൊട്ടടുത്ത വാക്സിൻ കേന്ദ്രത്തിലോ ബന്ധപ്പെടേണ്ടതാണ്.

7. ക്ലാസ്സുകൾ ഒറ്റ സെഷനിൽ 8.30 മുതൽ 1.30 വരെ നടത്തുന്നതാണ് അഭികാമ്യം. അല്ലെങ്കിൽ 9 മുതൽ 3 വരെ, 9.30 മുതൽ 3.30 വരെ, 10 മുതൽ 4 വരെ എന്നീ സമയക്രമങ്ങളിലൊന്ന് സൗകര്യപൂർവം തിരഞ്ഞെടുക്കാൻ കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്. സൗകര്യപ്രദമായ സമയക്രമത്തിൽ നടത്തുന്നതിന് അതാത് സ്ഥാപനാടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്. ആഴ്ചയിൽ 25 മണിക്കൂർ ക്ലാസ് വരത്തക്ക രീതിയിൽ ഓഫ്‌ലൈൻ ഓൺലൈൻ ക്ലാസ്സുകൾ സമ്മിശ്രരീതിയിൽ കൈകാര്യം ചെയ്യാവുന്നതും ആ രീതിയിൽ ടൈംടേബിൾ തയ്യാറാക്കാവുന്നതുമാണ്. മറ്റു സെമസ്റ്ററുകളുടെ ക്ലാസ്സുകൾ ഓൺ ലൈനിൽ തന്നെ തുടരേണ്ടതാണ്. ഇതിന് സഹായകരമായ രീതിയിൽ ടൈംടേബിൾ രൂപീകരിക്കുന്നതിന് സ്ഥാപന മേധാവികൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോളേജ് കൗൺസിലിന്റെ നടപടിക്രമം കോളേജ് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലും ബന്ധപ്പെട്ട സർവകലാശാലയിലും അറിയിക്കേണ്ടതാണ്.

8. എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള രീതിയിൽ 6 മണിക്കൂർ ദിവസേന ക്ലാസ് നടത്തുന്നതിനുള്ള സംവിധാനം സ്വീകരിക്കാവുന്നതാണ്.

9. അധ്യാപക അനധ്യാപക ജീവനക്കാർ കോളേജുകളിൽ ഹാജരാകേണ്ടതാണ്. എന്നാൽ ഓൺലൈൻ ക്ലാസുകൾ എടുക്കുന്നതിന് തടസ്സം ഉണ്ടാകാതെ ഇരിക്കുന്നതിന് ഓഫ്‌ലൈൻ ക്ലാസുകൾ എടുക്കുന്നതിനുള്ള അധ്യാപകരുടെ എണ്ണം ഉറപ്പാക്കിക്കൊണ്ട് വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ഒരു നിശ്ചിത എണ്ണം അധ്യാപകരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിലനിർത്തുന്നതിന് കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്.

10. ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ഗർഭിണികൾ, അപകടകരമായ രോഗങ്ങൾ ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപെട്ട അധ്യാപക അനധ്യാപക ജീവനക്കാരെ വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ തുടരാൻ അനുവദിക്കാവുന്നതാണ്. ഈ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അറ്റൻഡൻസ് നിർബന്ധമാക്കാൻ പാടുള്ളതല്ല.

11. വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കുന്നു എന്നും കോവിഡ് പ്രോട്ടോകോൾ പ്രകാരമുള്ള

നിബന്ധനകൾ പൂർണമായി പാലിക്കുന്നു എന്നും സ്ഥാപന മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

12. ക്ലാസ്സുകളുടെ സുരക്ഷിതമായ നടത്തിപ്പിന് സ്ഥാപനതല ജാഗ്രത സമിതികൾ രൂപീകരിക്കേണ്ടതും അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ആരോഗ്യവകുപ്പ് പ്രതിനിധികൾ, അഗ്നിശമന സേന, പോലീസ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സജുകുമാർ. എൻ.**

ജോയിന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
4. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
5. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
6. പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്,പേട്ട,തിരുവനന്തപുരം.
8. ഡയറക്ടർ, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം. തിരുവനന്തപുരം
9. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
10. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
11. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/കോഴിക്കോട്
12. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി. പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരീപ്പഴ, കൊല്ലം.
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
14. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
15. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : 1. ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.

**Endt No. EA1/7107/2001/HRD** **Dated 22.09.2021**

1. Copy communicated to all Head of Institutions for strict compliance.
2. Additional Director
3. Senior Superintendent (Academic Section )
4. S.F
5. O.C

Sd/-
DIRECTOR

Approved for Issue

Administrative Officer